സംസ്ഥാനത്ത് പണിയെടുക്കുന്ന മറുനാടൻ തൊഴിലാളികൾക്ക് സംരക്ഷണം

13 (1477) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പണിയെടുക്കുന്ന മറുനാടൻ തൊഴിലാളികൾക്കെതിരെ നടക്കുന്ന അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണി സ്ഥലങ്ങളിലെ താൽക്കാലിക ക്യാമ്പുകളിൽ താമസിക്കുന്ന ഇത്തരം മറുനാടൻ തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈയിടെ കഴക്കൂട്ടം ടെക്നോപാർക്കിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന മറുനാടൻ തൊഴിലാളികളെ ക്രൂരമായി അക്രമിച്ച സംഭവത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് എടുത്തിരുന്നുവോ ; എത്ര പേരെ അറസ്റ്റ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സുരക്ഷിതമായ സ്ഥലങ്ങളിൽ മറുനാടൻ തൊഴിലാളികളെ പാർപ്പിക്കുന്നതിന് തൊഴിൽ ഉടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവർ താമസിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നിരന്തരമായി പോലീസ് പട്രോളിംഗ് ഏർപ്പെടുത്തുകയും ഏത് സമയത്തും പോലീസ് സഹായം ലഭിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും മറ്റും ഫോൺ നമ്പരുകൾ എല്ലാ തൊഴിലാളി ക്യാമ്പുകളിലും കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവരെ സംഘടിപ്പിച്ച് നിയമസഹായ ബോധവൽക്കരണ പരിപാടിയും നടത്തിയിട്ടുണ്ട്.

(സി & ഡി) കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ 2 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. 2 കേസ്സുകളിലും ഉൾപ്പെട്ട പ്രതിയായ ഷിബിൻ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതും കോടതി ടിയാനെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. മറ്റു പ്രതികൾക്കായി ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

അന്യസംസ്ഥാനക്കാരായ തൊഴിലാളികൾക്കെതിരെ ആക്രമണം

14 (1478) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനക്കാരായ തൊഴിലാളികൾക്കെതിരെ ഗുണ്ടാ ആക്രമണങ്ങളും മുഖംമൂടി ആക്രമണങ്ങളും വ്യാപകമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly